തോട്ടപ്പള്ളി നോർത്ത്-കസ്തൂർബ എന്ന റോഡ് ആണ് പൂർത്തീകരിക്കുവാനുള്ളത്. മാത്തേരി-കരിച്ചീറ, വണ്ടാനം-വണ്ടാനം കാവ് എന്നീ റോഡുകൾക്കുള്ള കരാർ ആരും തന്നെ ഏറ്റെടുത്തിട്ടില്ല.

(സി) മേൽപ്പറഞ്ഞ റോഡുകൾക്കല്ലാതെ പുതുതായി ഫണ്ട് അനുവദിച്ചിട്ടില്ല.

കോഴിക്കോട് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ്

22 (3224) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് ജില്ലാ ഓഫീസിലെ ജീവനക്കാർക്ക് ഡിസംബർ മാസത്തെ ശമ്പളം നാളിതുവരെയും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഓഫീസിലെ ജീവനക്കാർക്ക് ശമ്പളം നൽകാത്തതിന് ആരാണ് ഉത്തരവാദിയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 2015 നവംബർ മാസത്തെ ശമ്പളം ഫണ്ടില്ലാത്തത് കാരണം നൽകാൻ കഴിഞ്ഞിട്ടില്ല.

(ബി) ഇതുസംബന്ധിച്ച പരാതി സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) കേന്ദ്ര സർക്കാരിൽ നിന്നുള്ള ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡു ലഭിക്കാത്തതാണ് കാരണം.

(ഡി) പരിശോധിക്കാവുന്നതാണ്.

ഗ്രാമവികസന വകുപ്പിലെ ബി.ഡി.ഒ. തസ്തിക

23 (3225) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ബി.ഡി.ഒ. തസ്തികയിലേക്കുള്ള പ്രൊമോഷൻ നിയമനത്തിന് ഡിഗ്രി നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly